കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്

**2017-18**

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.1)1958/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
e-mail.id :dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി :11.02.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഖണ്ഡിക 2-3, 2-4 ലേക്കും, ഭാഗം 3 ലെ 3-3, 3-4, 3-8, 3-16 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21(1(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരി പത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
4. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.1)1958/18 തിയ്യതി:11.02.2019

**തൃശ്ശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 5.11.2017 മുതൽ 31.3.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.രാജഗോപാലൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.12.2018 മുതൽ 11.12.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഷീന കെ.ടി, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിജയശ്രീ.പി ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുമിത ടി.എസ് അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോയ്സൻ സി.ജെ(07/12/2018 വരെ)ഓഡിറ്റർ |

| (ബി)നിർവ്വഹണാധികാരികൾ | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.കെ.ഷീജു | 01.04.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീമതി.രേഷ്മാഭായ്.എം.പി. | 01.04.2017 മുതൽ 08.05.2017 വരെ |
| | ശ്രീ.എൻ.പി.ചന്ദ്രൻ. | 09.05.2017 മുതൽ 31.03.2018 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി. രമ.കെ.നായർ | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 08.06.2017 FN വരെ |
| | ശ്രീമതി.എൽസി അഗസ്റ്റിൻ | 08.06.2017 AN മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസനഓഫീസർ | ശ്രീമതി.റാണി.പി.ജി | 01.04.2017 മുതൽ 14.07.2017 വരെ |
| | ശ്രീ. ഷാബു.ടി.ആർ. | 15.07.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ജോജി പോൾ | 01.04.2017 മുതൽ 08.11.2017 പൂർവ്വാഹ്നം വരെ |
| | ശ്രീമതി.ബീന.എ.വി. | 08/11/2017 അപരാഹ്നം മുതൽ 31/03/2018 അപരാഹ്നം വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.പ്രദീഷ്.പി.ബി | 01/04/17 പൂർവ്വാഹ്നം മുതൽ 31/05/2017 പൂർവ്വാഹ്നം വരെ |
| | ശ്രീമതി.ബബിത.കെ. | 31/05/2017 അപരാഹ്നം മുതൽ 23/10/2017 പൂർവ്വാഹ്നം വരെ. |
| | ശ്രീ.ഷാജൂ | 23/10/2017 അപരാഹ്നം മുതൽ 31/03/2018 അപരാഹ്നം വരെ. |
| സൂപ്രണ്ട്, സി.എച്ച്.സി, എലിഞ്ഞിപ്ര | ഡോ.വി.വി.പുഷ്പ | 01.04.2017 മുതൽ 30.04.2017 വരെ |
| | ഡോ.ഷാലിൻ പി. ജോസഫ് | 01.05.2017 മുതൽ 31.3.2018 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി. അനോന സറോ | 01.04.2017 മുതൽ 31.07.2017 വരെ |
| | ശ്രീമതി. ലളിതമോൾ | 01.08.2017 |

| | | |
|---|---|---|
| | തോമസ് | മുതൽ 31.03.2018 വരെ |
| ബ്ലോക്ക് ക്ഷീരവികസന ഓഫീസർ | ശ്രീ.സെബിൻ.പി.എഫ്. | 01.04.2017 മുതൽ 31.03.2018 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ.നൗഫൽ.യു.എഫ്. | 01.04.2017 മുതൽ 22.09.2017 വരെ |
| | ശ്രീമതി.മിനി.പി.ആർ | 23.09.2017 മുതൽ 02.11.2017 വരെ |
| | ശ്രീ.അഭിലാഷ് വർമ്മ.പി.ഐ. | 03/11/2017 പൂർവ്വാഹ്നം മുതൽ 31/03/2018 അപരാഹ്നം വരെ. |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | വിവിധ ഫണ്ടുകളുടെ വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷിക കണക്ക് അപാകതകൾ | 1-9 |
| | **ഭാഗം 2** | |
| 10 | മറിഞ്ഞു വീണ തേക്കു മരങ്ങൾ സമയബന്ധിതമായി ലേലം ചെയ്തില്ല | 2-1 |
| 11 | ഇ-ടെന്റർ - ബ്ലോക്ക് പഞ്ചായത്തിനു ലഭിക്കേണ്ട തുക ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കണം | 2-2 |
| 12 | മേലൂർ കൂവക്കാട്ട് കുന്ന് പട്ടികജാതി വനിത ഉല്പന്നസംഭരണ കേന്ദ്രം നാളിതുവരെയും പ്രവർത്തനം തുടങ്ങിയിട്ടില്ല | 2-3 |
| 13 | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടില്ല | 2-4 |
| | **ഭാഗം 3** | |

| | | |
|---|---|---|
| 14 | കൂവക്കാട്ടുകുന്ന് പട്ടികകജാതി വ്യവസായകേന്ദ്രം -വാട്ടർകണക്ഷൻ കുടിശ്ശിക അടവാക്കിയത് സംബന്ധിച്ച് | 3-1 |
| 15 | തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിന് വസ്തു നികുതി അടവാക്കി | 3-2 |
| 16 | ചെറുകിട ജലസേചന പദ്ധതികൾ നടപ്പാക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 3-3 |
| 17 | പോട്ട വനിതാ ഹോസ്റ്റൽ പ്രവർത്തനക്ഷമമാക്കേണ്ടതാണ്. | 3-4 |
| 18 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 3-5 |
| 19 | ലൈഫ് മിഷൻ-പണി തീരാത്ത വീടുകൾ പൂർത്തീകരിക്കുന്ന പദ്ധതികൾ | 3-6 |
| 20 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-7 |
| 21 | സീറോ വേസ്റ്റ് ബ്ളോക്ക്-ബ്ളോക്ക് പഞ്ചായത്ത് കാന്റീൻ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ളാന്റ് പണി പൂർത്തിയാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-8 |
| 22 | ഗ്രീൻ അതിരപ്പിള്ളി പദ്ധതി- ചെടികളുടെ സംരക്ഷണക്കൂട് നിർമിക്കാൻ കോൺട്രാക്ട് എടുത്ത ആളിൽ നിന്നും ആദായനികുതി ഈടാക്കിയില്ല. | 3-9 |
| 23 | എലിഞ്ഞിപ്ര സിഎച്ച്സി -മരുന്ന് വാങ്ങൽ -മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല. | 3-10 |
| 24 | സി എച്ച് സി ഫർണ്ണീച്ചർ വാങ്ങൽ -ഉപകരണങ്ങൾ വാങ്ങൽ- ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. | 3-11 |
| 25 | കാൻ സർവൈവ് സൊസൈറ്റി രൂപീകരണം -മാർഗ്ഗരേഖക്ക് വിരുദ്ധമായ പ്രവൃത്തികൾ എറ്റെടുത്തു. | 3-12 |
| 26 | വയോജന ക്ഷേമം- യോഗ പരിശീലനം അപാകങ്ങൾ . | 3-13 |
| 27 | മാതൃകാ കൃഷിത്തോട്ടങ്ങൾക്ക് പ്രോത്സാഹനം -മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന രീതിയിൽ നടപ്പിലാക്കിയില്ല. | 3-14 |
| 28 | ഉദയകേരളം വായനശാല കനാൽ ബണ്ട് റോഡ് ടാറിങ്ങ് വാർഡ് 7 | 3-15 |

| | | |
|---|---|---|
| | പരിയാരം പഞ്ചായത്ത് -പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അല്ലാത്ത റോഡ് ഏറ്റെടുത്തു | |
| 29 | മൂടപ്പുഴ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി- കൊരട്ടി പഞ്ചായത്ത് നടപ്പാക്കിയ പദ്ധതിയിൽ ഉൾപ്പെട്ട സ്കീം | 3-16 |
| ഭാഗം 4 | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃതറിപ്പോർട്ടിലേക്ക് ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 39 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| 40 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം 2 |

# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയതിയതി | 20-03-2017 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 281381770 | 279563500 |

## 1-2 വാർഷികധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 31.5.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 14.9.2018&15.9.2018 | കെ എസ് എടി എസ് ആർ (ഇ)3-1517/18 /3.11.2018 |

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19307008.38 |
| വരവ് | 72572356.00 |
| ആകെ | 91879364.38 |
| ചെലവ് | 75550822.00 |
| നീക്കിയിരിപ്പ് | 16328542.38 |

## 1-5 വിവിധ ഫണ്ടുകളുടെ വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | 42353458 | 42353458 | 36129886 | 6223572 | 85% |
| എസ് സി പി | | 12749000 | 12749000 | 11680337 | 1068863 | 92% |
| ടി എസ് പി | | 1571000 | 1571000 | 852065 | 718935 | 54% |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | | 5388000 | 5388000 | 5388000 | 0 | 100 % |
| ജനറൽ പർപ്പസ് ഗ്രാന്റ് | 6602420 | 5494734 | 12097154 | 5546563 | 6550591 | |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 124 | 85351460 | 98 | 55130170 | 22 | 4 | 79% |

## 1-7 ആഭ്യന്തര നിയന്ത്രണം

1.അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ  എഴുതി സൂക്ഷിക്കുന്നില്ല.

2.വാടക രജിസ്റ്ററിൽ  സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ  നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 18-02-2017 to 29-02-2017 | 2016-17 | 07.06.18 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ | 18-03-2014 to 24-03-2014 | 2011-12 to 2012-13 | 12-05-2014 |

## 1-9 വാർഷികകണക്ക് അപാകതകൾ

1.അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ തൻ വർഷത്തെ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. വിവരങ്ങൾ പൂർണ്ണമല്ല.

2.വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മറിഞ്ഞു വീണ തേക്കു മരങ്ങൾ സമയബന്ധിതമായി ലേലം ചെയ്തില്ല

27/06/2018-ാം തിയ്യതിയിൽ നടന്ന ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ സാധാരണ യോഗത്തിലെ 6(8)-ാം തീരുമാനപ്രകാരം മേലൂർ ഗ്രാമപഞ്ചായത്തിലെ ആലക്കാപ്പിള്ളി കടവിനടുത്തുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ വീണുകിടക്കുന്ന 2 തേക്ക് മരങ്ങളുടെ വാല്യൂവേഷൻ സാക്ഷ്യപത്രം (അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 22/06/2018 -ാം തിയ്യതിയിലെ എസ്.എഫ് 2-2404/18) യോഗം പരിശോധിക്കുകയും വാല്യൂവേഷൻ സാക്ഷ്യപത്രപ്രകാരം 2 തേക്ക് മരങ്ങളും ലേലം ചെയ്തു വിൽക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തതായി കാണുന്നു.വാല്യൂവേഷൻ സാക്ഷ്യപത്രപ്രകാരം 2 തേക്ക് മരങ്ങളും വാല്യൂവേഷൻ തുക 33094/-രൂപയാണ്. വാല്യൂവേഷൻ സാക്ഷ്യപത്രത്തിൽ ഉണങ്ങി പുതലച്ച മരമെന്ന് വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. ഈ മരങ്ങൾ ലേലം ചെയ്തതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 2 നൽകി. മറുപടിയായി 27/06/2018 -ാം തിയ്യതിയിലാണ് വാല്യൂവേഷൻ സാക്ഷ്യപത്രം ലഭിച്ചതെന്നും. അതിനുശേഷം 27/07/2018 -ാം തിയ്യതിയിൽ ലേലം നടത്തിയെങ്കിലും ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ പുനർലേലം നടത്താൻ തീരുമാനിച്ചിരുന്നു. എന്നാൽ പ്രളയത്തിൽ ചാലക്കുടി പുഴയോട് ചേർന്നുള്ള ഈ സ്ഥലത്തിൽ വെള്ളം ഉയർന്നതിനാൽ മരം ഒലിച്ചു പോയിയെന്നാണ് അറിയിച്ചത്.

2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ കാറ്റത്തു മറിഞ്ഞു വീണ തേക്കിന്റെ ലേലത്തെകുറിച്ച് പരാമർശിച്ചിരുന്നു [(2/6/2016 ലെ തീരുമാനം IV/15 പ്രകാരം ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള അടിച്ചിലിയിലെ 10 സെന്റ് സ്ഥലത്ത് തേക്ക് മരം മറിഞ്ഞു വീണിട്ടുണ്ടെന്ന് പ്രസിഡന്റ് യോഗത്തെ അറിയിച്ചതായി കാണുന്നു. 03/08/2016 ലെ തീരുമാനം IV/10 പ്രകാരം മറിഞ്ഞു വീണ തേക്ക് മരത്തിന്റെ വാല്യൂവേഷൻ നിശ്ചയിച്ചുകൊണ്ടുള്ള സോഷ്യൽ ഫോറസ്ട്രി കൺസർവേറ്ററുടെ 28/07/2016 ലെ എസ്.എഫ് 2-1865/16 നമ്പർ കത്ത് യോഗത്തിൽ വായിച്ച് ചർച്ച ചെയ്തതായും, മരലേല നടപടികൾക്ക് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായും കാണുന്നു. ഓഡിറ്റ് എൻക്വയറി 1 തി 8/11/2017 പ്രകാരം വാല്യൂവേഷൻ നിശ്ചയിച്ചുകൊണ്ടുള്ള സോഷ്യൽ ഫോറസ്ട്രി കൺസർവേറ്ററുടെ 28/07/2016 ലെ എസ്.എഫ് 2-1865/16 നമ്പർ കത്ത് പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ടി കത്ത് ഹാജരാക്കിയില്ല. 10/11/2017ൽ ഓഡിറ്റ് ടീം അടിച്ചിലിയിലെ 10 സെന്റ് സ്ഥലത്ത് നടത്തിയ പരിശോധനയിൽ പ്രസ്തുത തേക്ക് മരം ശോചനീയാവസ്ഥയിൽ അവിടെ കിടക്കുന്നതായാണ് കാണാൻ സാധിച്ചത്. പ്രസ്തുത തേക്ക് മരം ലേലം ചെയ്യാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.)] മുകളിൽ പറഞ്ഞ തീരുമാനത്തിൽ തേക്ക് മരങ്ങൾ 2/6/2016 ന് മുമ്പ് മറഞ്ഞു വീണതാണെന്ന് വ്യക്തമാണ്. 3/08/2016 ൽ മരത്തിന്റെ വാല്യൂവേഷൻ നിശ്ചയിച്ചുകൊണ്ടുള്ള സോഷ്യൽ ഫോറസ്ട്രി കൺസർവേറ്ററുടെ കത്തും ലഭ്യമാണ്. എന്നാൽ ഈ കത്ത് 2016-17 ഓഡിറ്റ് വേളയിലോ, നാളിതുവരെയോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ തേക്ക് മരങ്ങൾക്കാണ് വീണ്ടും വാല്യൂവേഷൻ എടുത്തിട്ടുള്ളതും അത് 27/06/2018-ാം തിയ്യതിയിൽ ലഭ്യമായിട്ടുള്ളോയെന്ന് മറുപടി നൽകിയതും. കാറ്റത്തുമറഞ്ഞുവീണ മരങ്ങൾ ഉണങ്ങി പുതലച്ച മരമെന്ന് രണ്ടാമത്തെ വാല്യൂവേഷൻ സാക്ഷ്യപത്രത്തിൽ വ്യക്തമായി പറഞ്ഞതിനു കാരണം മരം ലേലം ചെയ്തു വിൽക്കാൻ ബ്ലോക്ക് പഞ്ചായത്ത് അലംഭാവം കാണിച്ചുയെന്ന് വ്യക്തമാണ്. ആയതിനാൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ഇ-ടെന്റർ - ബ്ലോക്ക് പഞ്ചായത്തിനു ലഭിക്കേണ്ട തുക ജില്ലാ പഞ്ചായത്തിൽ

## നിന്നും ലഭ്യമാക്കണം

2017-18 സാമ്പത്തിക വർഷത്തിൽ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 52 മരാമത്ത് പ്രവൃത്തികളും ഇ-ടെന്റർ അടിസ്ഥാനത്തിലാണ് നടപ്പാക്കിയത്. ടെന്റർ നടപടികളിലൂടെ ബ്ലോക്ക് പഞ്ചായത്തിനു ലഭിക്കേണ്ടിയിരുന്ന ടെന്റർ ഫീ ഇനത്തിൽ 119294/-രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ഓൺലൈനായി വരവു വയ്ക്കുന്നത്. ഈ തുകയിൽ VAT ഒഴികെയുള്ള തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 മേലൂർ കൂവക്കാട്ട് കുന്ന് പട്ടികജാതി വനിത ഉല്പന്നസംഭരണ കേന്ദ്രം നാളിതുവരെയും പ്രവർത്തനം തുടങ്ങിയിട്ടില്ല

മേലൂർ കൂവക്കാട്ട് കുന്ന് പട്ടികജാതി വനിത ഉല്പന്നസംഭരണ കേന്ദ്രം നാളിതുവരെയായി വാടകയ്ക്ക് നൽകിയിട്ടില്ല. 2015-16, 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇതേക്കുറിച്ച് പരാമർശിച്ചിരുന്നു. ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (1/10.12.18) നൽകിയിരുന്നു, മറുപടിയായി 1-10-2015 മുതൽ ശ്രീമതി ലത സുന്ദരൻ എന്നവർക്ക് കുടപ്പുള്ളി സംഭരണത്തിന് വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നാണ് വ്യക്തമാക്കിയത്. ഇത് തെറ്റായ വിവരമായാണ് ഓഡിറ്റ് വിലയിരുത്തുന്നത്. കാരണം ശ്രീമതി ലത സുന്ദരൻ എന്നവർ കൂവക്കാട്ട് കുന്ന് വനിത വ്യവസായ കേന്ദ്രത്തിലാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത് (ഇവരുടെ 4/17 മുതൽ 3/18 വാടക കുടിശ്ശികയാണ്. കുടിശ്ശികയ്ക്കു കാരണം 1/04/2017 ൽ പ്രവർത്തനം നിർത്തിയതിനാൽ തുടർന്ന് വാടക അടവാക്കിയിട്ടില്ലായെന്നാണ് മറുപടി നൽകിയത്. ഇതു സംബന്ധിച്ച് കമ്മിറ്റി തീരുമാനങ്ങളോ, മുറി ലേലം ചെയ്യാൻ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല) ആയതിനാൽ മേലൂർ കൂവക്കാട്ട് കുന്ന് പട്ടികജാതി വനിത ഉല്പന്നസംഭരണ കേന്ദ്രം, അതിന്റെ ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-4 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടില്ല

കൂവക്കാട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 2 കെട്ടിടങ്ങളിൽ ഒരെണ്ണം മാത്രമാണ് വാടകയ്ക്ക് നൽകിയതായി കണ്ടത്. 2015-16,2016-17 ഓഡിറ്റ് റിപ്പോർട്ടിൽ ഈ കാര്യം പരാമർശിച്ചിട്ടുപോലും പ്രസ്തുത കെട്ടിടം വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (1/10.12.18) നൽകി, മറുപടിയായി 2017-18 സാമ്പത്തിക വർഷത്തിൽ ഈ മുറി ലേലം ചെയ്തിട്ടില്ലായെന്നും, പല പ്രാവശ്യം അപേക്ഷ ക്ഷണിച്ചിട്ടും ഒരു വനിതാസംരംഭകരെയും ലഭ്യമായില്ലായെന്നും, ഈ സാമ്പത്തിക വർഷത്തിൽ വനിത വ്യവസായ യൂണിറ്റ് ആരംഭിക്കുമെന്നുമാണ് കമ്മിറ്റിയുടെ തീരുമാനം എന്നാണ് വ്യക്തമാക്കിയത്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

# <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 കൂവക്കാട്ടുകുന്ന് പട്ടികകജാതി വ്യവസായകേന്ദ്രം - വാട്ടർകണക്ഷൻ കുടിശ്ശിക അടവാക്കിയത് സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള മേലൂർ പഞ്ചായത്തിലെ കൂവക്കാട്ടുകുന്ന് പട്ടികകജാതി വ്യവസായകേന്ദ്രം 1.4.2017 മുതൽ ഒഴിഞ്ഞുകിടക്കുകയാണ് എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ-1 നുള്ള മറുപടിയിൽ (1/10.12.18) അറിയിച്ചിരുന്നു. തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ പരിശോധിച്ചതിൽ (ചെക്ക് നമ്പർ-8892508/26.3.2018) പ്രസ്തുത സ്ഥാപനത്തിന്റെ വാട്ടർചാർജ്ജ് ബിൽ നമ്പർ-33647355/19.2.2018 പ്രകാരം 6069/-രൂപയും 33647354/19.2.2018 പ്രകാരം 7783/-രൂപയും ആകെ 13582 രൂ വാട്ടർ അതോറിറ്റി യിൽ അടവാക്കിയിട്ടുണ്ട്. (രസീത് നമ്പർ-11705105698മുതൽ703 വരെയും 1170510583/8.1.18) ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 6.3.18 ലെ 8(2) തീരുമാനത്തിൽ ബിൽ തുക തനത് ഫണ്ടിൽ നിന്ന് അടവാക്കാനും കണക്ഷൻ വിച്ഛേദിക്കുവാനും മേൽ തുക വ്യവസായ കേന്ദ്രം വാടകക്ക് എടുത്തിരുന്ന ശ്രീമതി ലതാ സുന്ദരനിൽ നിന്ന് ഈടാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. നിലവിലും വ്യവസായകേന്ദ്രം പ്രവർത്തിക്കുന്നില്ല.

പ്രസ്തുത ബില്ലിൽ തുക ഏത് കാലയളവ് മുതൽ ഉള്ളതാണെന്ന് വ്യക്തമല്ല. സ്ഥാപനം പ്രവർത്തിക്കാത്ത കാലയളവിലെ തുക മുൻ വാടകക്കാർ അടവാക്കേണ്ടതില്ലഎന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി പ്രസ്തുത തീരുമാനം എടുത്തതെന്തുകൊണ്ടാണെന്ന് വ്യക്തമല്ല. ഒരു വർഷത്തോളം സ്ഥാപനം

പ്രവർത്തിക്കാതിരുന്നതിനാൽ വാട്ടർ ചാർജ്ജ് തുക ഏതിനത്തിൽ വന്നു എന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത സ്ഥാപനം നിലവിലും വാടകക്ക് നൽകിയിട്ടില്ല. ഇത്തരത്തിൽ നീണ്ട കാലയളവിലേക്ക് സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുന്ന സാഹചര്യം ഉണ്ടാകുമ്പോൾ കണക്ഷൻ താൽക്കാലികമായി വിച്ഛേദിക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. സ്ഥാപനം ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിന് വസ്തു നികുതി അടവാക്കി

1.**സിഎച്ച്സി കെട്ടിടത്തിന് നികുതി**

ചെക്ക് നമ്പർ -7835895/29.12.2017-9780/-രൂപ

എലിഞ്ഞിപ്ര സിഎച്ച്സി കെട്ടിടങ്ങളുടെ (വാർഡ് 20 ലെ കെട്ടിട നമ്പർ-569,571,575-579 കെട്ടിട നമ്പറുകളാണ് സിഎച്ച്സി യുടെ കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിരിക്കുന്നത്.) 2013-14 മുതൽ 2016-17 വരെയുള്ള വസ്തുനികുതി മേൽ ചെക്ക് പ്രകാരം കോടശ്ശേരി പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

2.സിഎച്ച്സി വനിതാ ക്യന്റീൻ വസ്തുനികുതി അടവാക്കി.
വൗച്ചർ നമ്പർ-31700029/9.6.17&ചെക്ക് നമ്പർ-2381611/8.6.2017-3335/-

എലിഞ്ഞിപ്ര സിഎച്ച്സി കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന വനിത ക്യാന്റീൻ കെട്ടിടം ബ്ലോക്ക് പഞ്ചായത്ത് പണി കഴിപ്പിച്ചിട്ടുള്ളതും വാടകക്ക് നൽകി വാടക ബ്ലോക്ക് പഞ്ചായത്ത് ഈടാക്കി വരുന്നതുമാണ്. ആയതിന്റെ വസ്തുനികുതി രസീത് നമ്പർ-11705100810/30.5.17 പ്രകാരം കോടശ്ശേരി പഞ്ചായത്തിൽ അടവാക്കിയതിന് 3335/-രൂപ ചെലവഴിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 എച്ച് പ്രകാരം ഏതെങ്കിലും തദ്ദേശ ഭരണ സ്ഥാപനത്തിന്റ വക കെട്ടിടങ്ങളും സർക്കാർ തദ്ദേശഭരണ സ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങളും വസ്തുനികുതി നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ അടവാക്കിയ നികുതി തിരികെ ഈടാക്കേണ്ടതാണ്.

## 3-3 ചെറുകിട ജലസേചന പദ്ധതികൾ നടപ്പാക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

കേരളാ പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ്, 1-ാം ഉപവകുപ്പ്, 4-ാം പട്ടിക പ്രകാരം, ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും, ചെറുകിടജലസേചന പദ്ധതികളും നടപ്പാക്കുകയും, പരിപാലിക്കുകയും ചെയ്യുക എന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടുന്ന കാര്യമാണ്.

എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ ചെറുകിട ജലസേചന പദ്ധതികളുടെ പരിശോധനയിൽ മേൽ നിബന്ധന പാലിച്ചതായി കാണുന്നില്ല. ഏതെങ്കിലും ഒരു പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന ചെറുകിട ജലസേചനപദ്ധതികളുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ആണ് ചെയ്ത പ്രവർത്തികളിലധികവും. ഈ പ്രവർത്തി പഞ്ചായത്ത് അതിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെചുത്തി ചെയ്തോ എന്ന കാര്യവും വ്യക്തമല്ല. ബ്ലോക്ക് പഞ്ചായത്ത് നടത്തിയ ചെറുകിട ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ, ഗ്രാമസഭ വഴി ഉയർന്നുവന്ന ജനങ്ങളുടെ ആവശ്യമാണോ എന്ന് വ്യക്തമാക്കുന്ന ഒരു രേഖയും ഫയലിൽ ഇല്ല.

ഇത്തരം പ്രവർത്തികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ, ഗ്രാമപഞ്ചായത്തിന് ഈ പ്രവർത്തി നടപ്പാക്കുന്നതിനുള്ള ബുദ്ധിമുട്ട് രേഖാമൂലം വ്യക്തമാക്കേണ്ടതും, പഞ്ചായത്ത് ഈ പ്രവർത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രവും ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതാണ്.

## 3-4 പോട്ട വനിതാ ഹോസ്റ്റൽ പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പോട്ട വനിതാ ഹോസ്റ്റൽ 2017 വർഷം പണി പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം, സെക്രട്ടറിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഹോസ്റ്റലിലേക്കാവശ്യമായ താഴെ പറയുന്ന ഫർണീച്ചറുകൾ ആർട്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്.

മേശ -8 -

കസേര -8

കട്ടിൽ -8

സ്റ്റീൽ ക്യാബിനറ്റ് വിത്ത് ലോക്കർ-4

(ബിൽ നം.53/17-18,dt.17/3/18, തുക-182352/)

ചാലക്കുടി ബ്ലോക്ക് അതിർത്തിയിലെ ആറു ഗ്രാമപഞ്ചായത്തുകളിലും, നഗരപ്രദേശത്തും സമീപപ്രദേശത്തേയും, സർക്കാർ/പൊതുമേഖലാ/സ്വകാര്യസ്ഥാപനങ്ങളിൽ ജോലി നോക്കുന്ന വനിതാജീവനക്കാരുടെ പാർപ്പിടപ്രശ്നം ഒരു പരിധി വരെ പരിഹരിക്കുക എന്ന ഉദ്ദേശ്യത്തിലാണ് വനിതാഹോസ്റ്റൽ തുടങ്ങിയിരിക്കുന്നത്. ഹോസ്റ്റൽ പ്രവർത്തനം സംബന്ധിച്ച് ബൈലോ തയ്യാറാക്കുകയും, ആയതിന് 13/8/2018ലെ തദ്ദേശസ്വയംഭരണവകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ)2231/2018, ത.സ്വ.ഭ.വ. പ്രകാരം സർക്കാരിന്റെ അംഗീകാരം ലഭ്യമാവുകയും ചെയ്തിട്ടുണ്ട്.

ഹോസ്റ്റൽ പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-5 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം-സെക്രട്ടറി

1)ചായ്പൻകുഴി-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, വാർഡ് 8, കോടശ്ശേരി ഗ്രാമപഞ്ചായത്ത്, SOO65/18

വികസനഫണ്ട്(ജനറൽ)-5,00,000/-

ചെലവ്-ട്രഷറി ബിൽ നം.6/17-18/17.8.17, ₹ 5,00,000

KWA, ഇരിങ്ങാലക്കുട PH ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറുമായുള്ള കരാർ നം 2/17-18/23.8.17 ലെ 6-ാമത്തെ വ്യവസ്ഥ പ്രകാരം 15 /സെപ്തംബർ/2017 ന് പണി ആരംഭിച്ച് 14/11/2017ന് പൂർത്തീകരിക്കും. വ്യവസ്ഥ 7 പ്രകാരം പണി പൂർത്തീകരിച്ച് രണ്ട് ആഴ്ചക്കകം ഫൈനൽ ബില്ലിന്റെ കോപ്പി, പെർഫോർമൻസ് റിപ്പോർട്ട്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന് നൽകും.

2)കരിയാംപറമ്പ് എസ്.സി.കോളനി വാട്ടർ സപ്ലൈ സ്കീം, കൊരട്ടി ഗ്രാമപഞ്ചായത്ത്, SOO66/18

വികസനഫണ്ട്(SCP)-25,00,000/-

ചെലവ്-ട്രഷറി ബിൽ നം.5/17-18/27.7.17 , ₹ 25,00,000

തുക KWA, ഇരിങ്ങാലക്കുട PH ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറി. വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആദ്യ ഇനം(APPX A) 3,80,000/-രൂപ ചെലവിൽ കിണർ നിർമ്മാണമാണ്. എസ്റ്റിമേറ്APPX C പ്രകാരം 3കി മീ നീളത്തിൽ GI, PVC പൈപ്പുകൾ സ്ഥാപിക്കുന്നതിന് 15.35 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. കിണർ കുഴിക്കുന്നത് എവിടെയാണെന്ന് ഫയലിൽ നിന്നും വ്യക്തമല്ല.
KWA, ഇരിങ്ങാലക്കുട PH ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറുമായുള്ള കരാർ നം 1/17-18/29.7.17 ലെ 6-ാമത്തെ വ്യവസ്ഥ പ്രകാരം 31 /ആഗസ്ത്/2017 ന് പണി ആരംഭിച്ച് 28/2/2018ന് പൂർത്തീകരിക്കും. വ്യവസ്ഥ 7 പ്രകാരം പണി പൂർത്തീകരിച്ച് രണ്ട് ആഴ്ചക്കകം ഫൈനൽ ബില്ലിന്റെ കോപ്പി, പെർഫോർമൻസ് റിപ്പോർട്ട്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന് നൽകും.

3) 92-ാം അംഗൻവാടിക്ക് കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ, കരുവാപ്പടി, മേലൂർ പഞ്ചായത്ത് SO138/18

ചെലവ്-ട്രഷറി ബിൽ നം.137/17-18/9.3.18, ₹ 80,000

തുക KWA, ഇരിങ്ങാലക്കുട PH ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറി. വാട്ടർ അതോറിറ്റിയുമായുള്ള കരാറിൽ പ്രവൃത്തി പൂർത്തീകരിക്കുന്ന തിയതി വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല

മേൽ പറഞ്ഞ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/10.12.18) ലഭിച്ച മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ഫൈനൽബില്ല് പെർഫോർമൻസ് റിപ്പോർട്ട്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ വാട്ടർ അതോറിറ്റി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നം. 1,2 പ്രവൃത്തികളുടെ കരാറുകളിൽ പൂർത്തീകരിക്കേണ്ട തിയതി കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതുപ്രകാരം പണിപൂർത്തീകരിക്കപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നാളിതുവരെയായി കാര്യമായ നടപടികളൊന്നും കൈക്കൊണ്ടിട്ടുള്ളതായി ഫയലിൽ കാണുന്നില്ല.
പദ്ധതികൾ പൂർത്തീകരിച്ച വിവരം ലഭ്യമാക്കുന്നതുവരെ ആകെ ചെലവായ തുക 30,80,000/-തടസ്സപ്പെടുത്തുന്നു.

## 3-6 ലൈഫ് മിഷൻ - പണി തീരാത്ത വീടുകൾ പൂർത്തീകരിക്കുന്ന പദ്ധതികൾ - 362000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം-സെക്രട്ടറി

31.3.2016 വരെ സർക്കാരിന്റെ വിവിധവകുപ്പുകൾ വഴി ഭവനനിർമ്മാണം ആരംഭിക്കുകയും ഗഡുക്കൾ കൈപ്പറ്റുകയും വീടുപണി പൂർത്തീകരിക്കാതിരിക്കുകയും ചെയ്ത ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിക്കുന്നതിനായി ഓഡിറ്റ് വർഷം താഴെ പറയുന്ന പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

1)ലൈഫ് മിഷൻ വീടുകൾ പൂർത്തീകരിക്കൽ(ജനറൽ), SO128/18

ചെലവ്-7,36,000/-

2)ലൈഫ് മിഷൻ വീടുകൾ പൂർത്തീകരിക്കൽ(scp), SO129/18

ചെലവ്-14,22,833/-

3)ലൈഫ് മിഷൻ വീടുകൾ പൂർത്തീകരിക്കൽ(tsp), SO130/18

ചെലവ്-3,68,000/-

(a)ഓഡിറ്റ് എൻക്വയറി 13/10.12.2017 ന് ലഭിച്ച മറുപടിപ്രകാരം ജനറൽ വിഭാഗത്തിൽ 5 ഉം, എസ്.സി വിഭാഗത്തിൽ 36ഉം എസ്.ടി വിഭാഗത്തിൽ 18 ഉം ഉൾപ്പെടെ ആകെ 59 വീടുകളാണ് പൂർത്തീകരിക്കാനുണ്ടായിരുന്നത്, ആയതിൽ 56 എണ്ണം പൂർത്തീകരിച്ചു. SC ഭവന പദ്ധതിയിൽ ഉൾപ്പെടുന്ന താഴെ പറയുന്ന മൂന്നുഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ബാക്കി നിൽക്കുന്നു.

| പേര് | വീടുപണി ആരംഭിച്ച വർഷം | കൈപ്പറ്റിയ ധനസഹായം (രജിസ്റ്റർപ്രകാരം) | |
|---|---|---|---|
| | | തുക | തിയതി |
| ബൈജു/മിനിബൈജു, ചെമ്മിനിയാടൻ, അതിരപ്പിള്ളി | 2010-11 | 20000<br>25000<br>25000<br>15000 | 23.2.2011<br>28.4.2011<br>2.1.2013<br>10.6.2014 |
| സൗമ്യ സന്ദീപ്, കടമ്പോടൻ, കോടശ്ശേരി | 2015-16 | 17500<br>92000<br>63000<br>57500 | 14.10.2015<br>9.3.2018<br>24.4.2018<br>10.5.2018 |
| സീമ ബിജു, നായരങ്ങാടി, കോടശ്ശേരി | 2014-15 | 17500<br>20000<br>32500<br>60000 | 9.2.2015<br>17.3.2015<br>10.7.2015<br>28.2.2018 |

| | | | |
|---|---|---|---|
| | | 17500 | 28.5.2018 |
| | | 42000 | 8.8.2018 |

മേൽപറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(b)ലൈഫ് മിഷൻ വീടുകൾ പൂർത്തീകരിക്കൽ(ജനറൽ), SO128/18 പദ്ധതിയിൽ ട്രഷറി ബിൽ നം 54/17-18/26.3.2018 പ്രകാരം 3,62,000/- രൂപ പരിയാരം ഗ്രാമപഞ്ചായത്തിൽ കൈമാറിയതായി ട്രഷറി ബില്ല് കോപ്പിയിൽ രേഖപ്പെടുത്തിക്കാണുന്നു. ഈ തുകയുടെ ചെലവിന്റെ വിവരം പഞ്ചായത്തിന്റെ കൈപ്പറ്റ് രശീതി വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഇല്ല.

ആയതിനാൽ ചെലവുതുക 3,62,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

എ) സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതി നം.122/17-18, പാലമുറി അങ്കണവാടി, കൊരട്ടി പഞ്ചായത്തിന് വിഹിതം എന്നതിൽ, ബിൽ നം.50/17-18, dt.5/10/17 പ്രകാരം, 500000/ രൂപാ കൊരട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവ് തുക 500000/ രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി)നിർവ്വഹണ ഉദ്യോഗസ്ഥർ സംയുക്ത പദ്ധതികളുടെ നടത്തിപ്പിനായി വിവിധ പഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയതിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദാംശം താഴെ ചേർക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 11/10.12.18 & 14/10.12.18)

| ക്രമ നമ്പർ | പദ്ധതി നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നമ്പർ/തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 39/18 | ശിശു വികസന പദ്ധതി ഓഫീസർ | 2/28.9.17-500000/- | ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ കെട്ടിട നിർമ്മാണം-പരിയാരം ഗ്രാമ പഞ്ചായത്ത് |
| 2 | 48/18 | ക്ഷീര വികസന ഓഫീസർ | 2/28.9.17-700000 /-രൂപയിൽ കാടുകുറ്റി പഞ്ചായത്തിന് കൈമാറിയ 200000 രൂപയിൽ 104781 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി .95219രൂ തിരിച്ചടവാക്കിയിട്ടില്ല. | പാലിന് സബ്സിഡി |
| 3 | 13/18 | മെഡിക്കൽ ഓഫീസർ സിഎച്ച്സി | 11/8.3.18-550000/- (കൊരട്ടി-200000/- കോടശ്ശേരി -350000/-) | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണ വിതരണം |
| ആകെ | | | 1145219 | |

## 3-8 സീറോ വേസ്റ്റ് ബ്ളോക്ക്-ബ്ളോക്ക് പഞ്ചായത്ത് കാന്റീൻ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ളാന്റ് പണി പൂർത്തിയാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പ്രോജക്ട് നം.78/17-18

അടങ്കൽ-500000

ചെലവ്-100000

ബിൽ നം.-8, dt.29/12/17

ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിലെ കാന്റീൻ വേസ്റ്റ് വാട്ടർ ട്രീറ്റ് ചെയ്ത് ഗാർഡനിംഗ് നടത്തുന്നതിനുള്ള ഐ.ആർ.ടി.സി.യുടെ ഈ പദ്ധതിയ്ക്ക് എൽ.എസ്.ജി.ഡി, അസി.എക്സി.എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

ഐ.ആർ.ടി.സി.യുമായുള്ള കരാർ അനുസരിച്ച് അടങ്കൽ തുകയുടെ 20% അഡ്വാൻസ് മേൽ ബിൽ പ്രകാരം ഐ.ആർ.ടി.സി.യ്ക്ക് നൽകിയിട്ടുണ്ട്. കരാർ അനുസരിച്ച്, പദ്ധതി പൂർത്തീകരിക്കുന്നതിന് അഡ്വാൻസും ഗഡുക്കളും കൈപ്പറ്റിയ തിയതി മുതൽ മൂന്ന് മാസത്തെ സമയപരിധിയാണുള്ളത്. എന്നാൽ അഡ്വാൻസ് കൈപ്പറ്റി ഏകദേശം ഒരു വർഷത്തോളമായിട്ടും പണി പൂർത്തീകരിച്ചിട്ടില്ല.

ശുചിത്വ മിഷന്റെ ഖരമാലിന്യ നിർമാർജ്ജനത്തിന്റെ സർവീസ് പ്രൊവൈഡറായ ഐ.ആർ.ടി.സി.യെ, ജലമാലിന്യനിർമാർജ്ജനം ഏൽപ്പിച്ചതിന്റെ വ്യക്തത ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കൃത്യമായ ഒരു മറുപടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 100000/രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ഗ്രീൻ അതിരപ്പിള്ളി പദ്ധതി- ചെടികളുടെ സംരക്ഷണക്കൂട് നിർമിക്കാൻ കോൺട്രാക്ട് എടുത്ത ആളിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ ഈ പദ്ധതിയിൽ പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകി അതിരപ്പിള്ളി പഞ്ചായത്തിൽ റോഡിന്റെ ഇരുവശങ്ങളിലും വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുകയും തൈകൾക്ക് സംരക്ഷണക്കൂട് വയ്ക്കുകയും ചെയ്തിട്ടുണ്ട്. സംരക്ഷണക്കൂട് നിർമിക്കുന്നതിന് ശ്രീ. ജസ്റ്റിൻ.എം.ജി., ആൽവിൻ എഞ്ചിനീയറിംഗ് വർക്സ്, വെറ്റിലപ്പാറ എന്നയാളുടെ കൊട്ടേഷൻ അംഗീകരിക്കുകയും, കരാർ പ്രകാരം കൂടൊന്നിന് 195/ രൂപാ നിരക്കിൽ ടിയാൾ 202 കൂടുകൾ ഉണ്ടാക്കി നൽകുകയും ചെയ്തിട്ടുണ്ട്. ടിയാൾക്ക് 39390/രൂപാ താഴെ പറയുന്ന ബിൽ പ്രകാരം നൽകിയിട്ടുണ്ട്.

ബിൽ നം.69/17-18, dt.29/11/17, amt.45935/

ടിയാളിൽ നിന്നും ആദായനികുതി നിയമം 194 C പ്രകാരമുള്ള ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. കരാർ പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നവരിൽ നിന്നും 30000/-രൂപയിൽ അധികമുള്ള പ്രവൃത്തികൾക്ക് ആദായനികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 എലിഞ്ഞിപ്ര സിഎച്ച്സി -മരുന്ന് വാങ്ങൽ -മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ സിഎച്ച്സി.

പദ്ധതി നമ്പർ-0051/18

ബിൽ നമ്പർ-2/17.10.17-250000/-

8/31.1.20158-250000/-

മേൽ പ്രകാരം 500000/-രൂ മരുന്ന് വാങ്ങലിനായി കേരള മെഡിക്കൽ സർവ്വീസ്സ് കോപ്പറേഷന് കൈമാറിയതിൽ 491403/-രൂപക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 8597/-രൂപക്കുള്ള മരുന്ന് കൂടി ലഭ്യമാകുവാനുണ്ട്. മരുന്ന് കാലതാമസമില്ലാതെ ലഭ്യമാകുന്നു എന്നുറപ്പു വരുത്തേണ്ടതാണ്. മെഡിക്കൽ സർവ്വീസസ് കോപ്പറേഷനുമായി മാർഗ്ഗരേഖ നിർദ്ദേശ പ്രകാരം കരാറിൽ ഏർപ്പെടേണ്ടതാണ്.

## 3-11 സി എച്ച് സി ഫർണ്ണീച്ചർ വാങ്ങൽ -ഉപകരണങ്ങൾ വാങ്ങൽ -ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ –മെഡിക്കൽ ഓഫീസർ സിഎച്ച്സി.

പദ്ധതി നമ്പര്‍ – 0057/18

ബില്‍ നമ്പര്‍ – 9/26.2.2018 – 8816/-

ബിപി അപ്പാരറ്റസ്, തെര്‍മ്മോമീറ്റര്‍, വീല്‍ ചെയര്‍ മുതലായ ഉപകരണങ്ങള്‍ ലഭ്യമാക്കുന്നതിനായി കേരളമെഡിക്കല്‍ സര്‍വ്വീസസ് കോപ്പറേഷന് മേല്‍ പ്രകാരം തുക കൈമാറി. എന്നാല്‍ നാളിതുവരെ ഉപകരണങ്ങള്‍ ലഭ്യമായിട്ടില്ല. അവ എത്രയും പെട്ടെന്ന് ലഭ്യമാകുന്നതിനായി കോപ്പറേഷനുമായി ബന്ധപ്പെടേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-12 കാന്‍ സര്‍വൈവ് സൊസൈറ്റി രൂപീകരണം -മാര്‍ഗ്ഗരേഖക്ക് വിരുദ്ധമായ പ്രവൃത്തികള്‍ ഏറ്റെടുത്തു.

നിര്‍വ്വഹണ ഉദ്യോഗസ്ഥന്‍ -മെഡിക്കല്‍ ഓഫീസര്‍ സിഎച്ച്സി

പദ്ധതി നമ്പര്‍ – 60/18

ബില്‍ നമ്പര്‍ – 4/14.11.2017 – 182000/-

-5/15.1.18 – 58388/-

-6/31.1.18 – 33810/-

-10/8.3.18 – 25600/-

-12/21.3.18 – 54302/-

-15/21.3.18 – 9800/-

-17/26.3.18 – 41180/-

405080/-

പ്രസ്തുത പദ്ധതിയില്‍ കാന്‍സര്‍ രോഗത്തില്‍ നിന്ന് വിമുക്തരായവര്‍ക്ക് ബോധവത്കരണ ക്ലാസ് അവര്‍ക്ക് ഉല്ലാസത്തിനായുള്ള പ്രവര്‍ത്തനങ്ങള്‍, ഡയാലിസിസ് രോഗികള്‍ക്ക് ധന സഹായം, ഭിന്നശേഷിക്കാരുടെ കുടുംബ സംഗമം, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവര്‍ക്ക് ഉല്ലാസയാത്ര അനുബന്ധ ചെലവുകള്‍ എന്നിവയാണ് എറ്റെടുത്തിരിക്കുന്നത്. ആയതില്‍ ബില്‍ നമ്പര്‍ 4ലെ 182000/-രൂപ, 5ലെ 33600/-രൂ, 15 എന്നീ ബില്ലുകള്‍ പ്രകാരമുള്ള തുകകള്‍ ഡയാലിസിസ് രോഗികള്‍ക്ക് സഹായത്തിനായി ചാലക്കുടി താലൂക്ക് ആശുപത്രിക്ക് കൈമാറിയതാണ്. (ആകെ 225400/-) പ്രസ്തുത തുക മാര്‍ഗ്ഗരേഖ പ്രകാരം അനുവദനീയമാണ് രോഗീസംഗമം, റിഫ്രഷ്മെന്‍റ്, വണ്ടിവാടക, ഉല്ലാസ പരിപാടികള്‍, കൗണ്‍സലിങ്ങ് മൈക്ക്, സൗണ്ട്, പ്രന്‍റിങ്ങ് എന്നിവക്കും 36000/-രൂ ഭിന്നശേഷിക്കരുടെ ഉല്ലാസയാത്രക്കുമാണ് ചെലവഴിച്ചത്. ഇത് മാര്‍ഗ്ഗരേഖ പ്രകാരം (ജി.ഒ(എംഎസ്)നം.72/2017/തസ്വഭവ.തീ. 29.3.2017 ഖ12.11.1&2) അനുവദനീയമല്ല എന്നതിനാല്‍ ഡയാലിസിസിന്‍റെ ചെലവ് കഴിച്ചുള്ള തുക 179680/-രൂ തടസ്സപ്പെടുത്തുന്നു. (405080 – 225400 = 179680 രൂപ)

## 3-13 വയോജന ക്ഷേമം - യോഗ പരിശീലനം അപാകങ്ങള്‍ .

നിര്‍വ്വഹണ ഉദ്യോഗസ്ഥന്‍ – ശിശു വികസന പദ്ധതി ഓഫീസര്‍

ബില്‍ നമ്പര്‍-5/12.3.18-101500/-

-6/22.3.18-168209/-(പകല്‍ വീടിന് ഫര്‍ണ്ണീച്ചര്‍ വാങ്ങലിനായി ചെലവഴിച്ചത്)

-7/26.3.18-67360/-

എ)ഗുണഭോക്തൃ ലിസ്റ്റും അറ്റന്‍ഡന്‍സ് രജിസ്റ്ററും തമ്മില്‍ പൊരുത്തപ്പെടുന്നില്ല.

വയോജന ക്ഷേമം പദ്ധതിയില്‍ വയോജനങ്ങള്‍ക്ക് യോഗ പരിശീലനം, പകല്‍ വീടിന് ഫര്‍ണ്ണീച്ചര്‍ കൗണ്‍സലിങ്ങ് എന്നീ പ്രവര്‍ത്തനങ്ങളാണ് എറ്റെടുത്ത് നടപ്പിലാക്കിയത്. യോഗ പരിശീലനം നടപ്പിലാക്കിയതിന്‍റെ രേഖകള്‍ പരിശോധിച്ചതില്‍ ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്തുകള്‍ ഹാജരാക്കിയത് പരിശീലനത്തില്‍ പങ്കെടുത്തവരുടെ അറ്റന്‍ഡന്‍സ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ഉദാ.അതിരപ്പിള്ളി പഞ്ചായത്തിന്‍റെ ലിസ്റ്റില്‍ ഉള്‍പ്പെട്ടവര്‍ ആരും തന്നെ അറ്റന്‍ഡന്‍സ് രജിസ്റ്ററില്‍ ഇല്ല.

ബി)പരിശീലനാര്‍ത്ഥികളുടെ പ്രായം തെളിയിക്കുന്ന രേഖകള്‍ ഇല്ല.

പരിശീലനത്തിൽ പങ്കെടുത്തവരുടെ പ്രായം തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ പങ്കെടുത്തവർ അർഹത ഉള്ളവരാണോ എന്ന് പരിശോധിക്കുവാനായിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-14 മാതൃകാ കൃഷിത്തോട്ടങ്ങൾക്ക് പ്രോത്സാഹനം - മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന രീതിയിൽ നടപ്പിലാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി അസി.ഡയറക്ടർ

പദ്ധതി നമ്പർ – 3/18

അമ്പതു സെന്റിൽ കുറയാത്ത ഭൂമിയുള്ള ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സംയോജിത കൃഷി പ്രവർത്തനങ്ങൾ നടത്തുന്നതിന് സബ്സിഡി നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. ആയതിൽ മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, ഔഷധ സസ്യ പരിപാലനം, മഴമറ/കണിക ജലസേചനം, പശു, അകാപോണിക്സ്, കമ്പോസ്റ്റ് യൂണിറ്റ് എന്നിവ ഉൾപ്പെട്ടിരുന്നത്. 30.11.17 ലെ ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മറ്റി തീരുമാനത്തിൽ മാതൃകാ കൃഷിത്തോട്ടം പദ്ധതിയിൽ എല്ലാം ചെയ്യുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുള്ളതിനാൽ കർഷകർക്ക് താല്പര്യമുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി റിവൈസ് ചെയ്യുവാൻ തീരുമാനിച്ചു. ഫയൽ പരിശോധിച്ചതിൽ 6 കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. മഴമറ, മിനി ഡ്രിപ്പ്, 25 ഗ്രോ ബാഗുകളിൽ ഔഷധസസ്യങ്ങൾ എന്നിവയാണ് കർഷകർ ചെയ്തിട്ടുള്ളത്. ഫയലിൽ ഉള്ള ഫോട്ടോ പരിശോധിച്ചതിൽ മഴമറയുടെ സൈഡ് ശരിയായി മറച്ചിട്ടില്ല. മഴമറ ലോ കോസ്റ്റിൽ ആണ് ചെയ്തതിരിക്കുന്നത്. ഉദ്ദേശിച്ച ഫലം ഇത്തരം പ്രവർത്തനത്തിലൂടെ ലഭ്യമാകുകയില്ല.

പദ്ധതികൾ ഏറ്റെടുക്കുമ്പോൾ അവ ശരിയായ രീതിയിൽ നടത്തുന്നതിന് സന്നദ്ധരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനും അല്ലാത്ത പക്ഷം ഇത്തരം പദ്ധതികൾ ഒഴിവാക്കി ഫല പ്രദമായി നടപ്പിലാക്കാവുന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-15 ഉദയകേരളം വായനശാല കനാൽ ബണ്ട് റോഡ് ടാറിങ്ങ് വാർഡ് 7 പരിയാരം പഞ്ചായത്ത് - പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അല്ലാത്ത റോഡ് ഏറ്റെടുത്തു

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എക്സി.എൻജിനീയർ

പദ്ധതി നമ്പർ-41/18ബിൽ നമ്പർ – 24/16.3.18-474965/-

സാങ്കേതികാനുമതിനമ്പർ – 23/AEE/LSGD/CKDY/17-18/7.11.17

ബ്ലോക്ക് പഞ്ചായത്ത് 2017-18 ൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രസ്തുത പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ

പരിയാരം ഗ്രാമപഞ്ചായത്തിലെ വാർഡ് 7 ൽ സ്ഥിതി ചെയ്യുന്ന ഇറിഗേഷൻ കനാൽ ബണ്ട് റോഡ് ആണ് സെക്കന്റ് മെറ്റലിംഗ് ടാറിങ്ങ് എന്നീ പ്രവൃത്തികൾ നടത്തുന്നതിനായി പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. പ്രൊജക്ട് ഫോറത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തി നമ്പർ രേഖപ്പെടുത്തിയിരുന്നില്ല. കൂടാതെ പദ്ധതി നടപ്പിലാക്കണം എന്നത് സംബന്ധിച്ച് പഞ്ചായത്തിന്റെ രേഖ മൂലമുള്ള സമ്മതപത്രവും ഫയലിൽ ഉണ്ടായിരുന്നില്ല. പിന്നീട് ഓഡിറ്റ് എൻക്വയറി (നമ്പർ-9/10.12.18) നൽകിയതിനെ തുടർന്ന് ആസ്തിനമ്പർ ഹാജരാക്കി. എന്നാൽ പദ്ധതി നടപ്പിലാക്കുന്നത് മുമ്പ് ജലവിഭവ വകുപ്പിൽ നിന്ന് വാങ്ങിയ എൻഒസിയിൽ (ഇടമലയാർ ഇറിഗേഷൻ പ്രൊജക്ട് ഡിവിഷൻ നമ്പർ-2 ചാലക്കുടി എക്സി.എൻജിനീയറുടെ ഉത്തരവ് നമ്പർ-ഡി5-1956/17/5.8.17) നിബന്ധന 4 പ്രകാരം ബണ്ട് റോഡിന്റെ ഉടമസ്ഥാവകാശം ജലവിഭവ വകുപ്പിനായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇനം 3 പ്രകാരം ഭാവിയിൽ കനാലിന് വീതി കൂട്ടുകയോ മറ്റോ വേണ്ടി വന്നാൽ ഇപ്പോൾ നടത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ സ്വന്തം ചെലവിൽ പൊളിച്ച് മാറ്റി സൗകര്യം ഒരുക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഉടമസ്ഥാവകാശം പഞ്ചായത്തിന് അല്ല എന്ന് വ്യക്തമാണ്. ഇത് പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തുവാനുണ്ടായ സാഹചര്യം എന്താണെന്ന് അറിയിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖ ഉത്തരവ് ജി.ഒ.(എംഎസ്)നം.72/2017/തസ്വഭവ/29.3.2017 ഖ.12.10.4 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട റോഡ് മെച്ചപ്പെടുത്തുന്നതിനുള്ള റോഡ് പ്രവൃത്തി നടത്തുന്നതിന് മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിന് അനുമതി ഉള്ളൂ. ഖ.5 -1 പ്രകാരം ബന്ധപ്പെട്ട പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങയിരിക്കണം. മേൽ പ്രകാരമുള്ള ഉത്തരവുകൾക്ക് വിരുദ്ധമായി നടപ്പിലാക്കിയതും ഭാവിയിൽ ബ്ലോക്ക് പഞ്ചായത്തിന് അധിക ബാധ്യത വരുത്തി വച്ചേക്കാവുന്നതുമായ മേൽ പ്രവൃത്തിക്കായി ചെലവ് ചെയ്ത തുക

മാർഗ്ഗരേഖയെ ലംഘിക്കുന്നില്ല എന്ന വ്യക്തമായ രേഖകൾ ഹാജരാക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

## 3-16 മൂടപ്പുഴ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി - കൊരട്ടി പഞ്ചായത്ത് നടപ്പാക്കിയ പദ്ധതിയിൽ ഉൾപ്പെട്ട സ്കീം

നിർവഹണോദ്യഗസ്ഥൻ – അസി.എഞ്ചിനീയർ

അടങ്കൽ – 1000000/

ചെലവ് – 557259/

ബിൽ നം.39/17-18, dt.28/3/18

ഈ പദ്ധതിയിൽ കൊരട്ടി ഗ്രാമപഞ്ചായത്ത് പത്താം വാർഡിലെ മൂടപ്പുഴയിൽ, മോട്ടോർ പുര നിർമിച്ച് 10 HP മോട്ടോർ സ്ഥാപിച്ച് പൈപ്പ് ലൈൻ വലിച്ച് പമ്പിംഗ് നടത്തുവാനാണ് ഉദ്ദേശിച്ചിരുന്നത്. 2017-18 ൽ 1192.9m, പൈപ്പ് ഇട്ടതിന് മേൽ ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്.

കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതി നം.87/18, ലിഫ്റ്റ് ഇറിഗേഷന് പമ്പ് സെറ്റ് വാങ്ങലും, ഫിറ്റിംഗും എന്നതിൽ 10HP, 20HP മോട്ടോർ വാങ്ങി മൂടപ്പുഴ അടക്കം ആറ് വാർഡുകളിലേക്ക് വിതരണം ചെയ്തിട്ടുണ്ട്. മൂടപ്പുഴ വാർഡിൽ മോട്ടോർ കിട്ടിയതായുള്ള വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും മേൽ പദ്ധതി ഫയലിൽ ഉണ്ട്.

2018-19 കാലയളവിൽ, ബ്ലോക്ക് പഞ്ചായത്തിന്റെ സ്പിൽ ഓവർ പദ്ധതിയിൽ മോട്ടോർ പുര നിർമാണം, ഇലക്ട്രിഫിക്കേഷൻ, മോട്ടോർ വാങ്ങൽ എന്നിവ നടന്നിട്ടുണ്ട്. കൊരട്ടി ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി മോട്ടോർ വാങ്ങിയ അതേ സ്കീമിന് വീണ്ടും മോട്ടോർ വാങ്ങിയതിന്റെ ആവശ്യകത ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/11.12.18) വ്യക്തമായ ഒരു ഉത്തരം ലഭിച്ചില്ല. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്ക് വേണ്ടി ചെലവ് ചെയ്ത 557259/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും


# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും


## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം - സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാടുകുറ്റി ഗ്രാമ പഞ്ചായത്ത് | 2017-18 | 20000 | പി.എം.എ.വൈ. ഭവന നിർമ്മാണം (ജി) ജനറൽ 2017-18 | 20000 | 0 |
| പരിയാരം ഗ്രാമ പഞ്ചായത്ത് | 2017-18 | 130000 | | | 130000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 420000 | പി.എം.എ.വൈ.ഭവന നിർമ്മാണം (എസ്.സി.പി) 2017-18 | 112000 | 308000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ | പ്രവർത്തിയുടെ പേര് | വൗച്ചർ | മുൻകൂർ | ചെലവഴിക്കാൻ |
|---|---|---|---|---|

| ഏജൻസി | | നം. / ചെക്ക് നം | നൽകിയ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| Kerala Water Authority | പ്രോജെക്റ്റ് നമ്പർ. 65/17-18 ചായ്പാന്കുഴി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | UTR No. U000000 259029684 | 500000 | 500000 |
| | പ്രോജെക്റ്റ് നമ്പർ. 66/17-18 കരിയാംപറമ്പ് എസ്.സി.കോളനി വാട്ടർ സപ്ലൈ സ്കീം | UTR No. U000000 2468 93794 | 2500000 | 2500000 |
| | പ്രോജെക്റ്റ്നമ്പർ.138/17-18 92-ആം നമ്പർഅംഗൻവാടിക്ക് കുടിവെള്ള പൈപ്പ് ലൈൻനീട്ടൽ, കരുവപ്പടി മേലൂർ. | UTR No. U000000 368688970 | 80000 | 80000 |
| ചെലവഴിക്കാൻ ബാക്കിയുള്ള തുക | | | | 3080000/- |

31.3.18 ലെ ബാലൻസ്ഷീറ്റിലെ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

| ക്രമനം | കൺവീനറുടെ പേര് | ബിൽ / വൗച്ചർ നം / ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|
| | | NIL | | | |

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | | NIL | | | |

## 4-5 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | NIL |
| 2 | തൻവർഷം നിക്ഷേപിച്ച തുക | |
| 3 | ആകെ | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രശീതി നം / തിയതി |
|---|---|---|---|---|

| | | | ഉദ്യോഗപ്പേരും | |
|---|---|---|---|---|
| 1995-98 | 22E, 25(18) | 17174/- | കെ.പി.ലോനക്കുട്ടി , കുറ്റിക്കാടൻ വീട്, കുറ്റിച്ചിറ.പി.ഒ. | 117040100085 dated: 16-02-2018. |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ്വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട്വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 5 | 2004-05 | II I(1) | സ്വാഭിമാൻപദ്ധതി വീടുകൾപൂർത്തിയായില്ല | വീടുകൾപൂർത്തീകരിച്ചു. സി.ബി.ഐ. അന്വേഷണത്തിന്റെ അവസാന റിപ്പോർട്ട്ലഭിച്ചാൽ നടപടി അവസാനിച്ചു. |
| 1999-2000 | 8,9 | 2004-05 | II I(2) | പട്ടികജാതി വികസന പദ്ധതികൾലക്ഷ്യം നേടിയില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 4 | 2004-05 | II I(3) | പട്ടിക വർഗ്ഗ ഭവനം 1.7 ലക്ഷത്തിനു രേഖയില്ല. | പരാമർശം ഒഴിവാക്കി. |
| 2003-04 | 9(1) | 2006-07 | 3.54 I(1) | കൂവക്കാട്ടുകുന്ന് എൽ.ഐ.എസ് മേലൂർ. | ഈ പ്രവൃത്തികളെ കുറിച്ച് വിശദമായി അന്വേഷണം നടത്തി സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തുവാൻ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട്ലഭ്യമായിട്ടില്ല. |
| | 9(2) | | 1(2) | പൂതക്കുളം കുടിവെള്ള പദ്ധതി. | |
| | 9(3) | | I(3) | പൊങ്ങം കുടിവെള്ള പദ്ധതി | |
| | 9(4) | | I(4) | ഇരട്ടച്ചിറ ലിഫ്റ്റ്ഇറിഗേഷൻ | |
| 1999-2000 | 8 | 2009-11 | 145 | മേലൂർവനിതാ വ്യവസായ എസ്റ്റേറ്റ്നിർവഹണ ഉദ്യോഗസ്ഥനെതിരെ വകുപ്പ് തല അച്ചടക്ക നടപടി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | | 2009-11 | 145 | മേലൂർവനിതാ ഇന്ഡസ്ട്രിയൽ എസ്റ്റേറ്റ് കൺവീനർമാർ ശ്രീ.ചന്ദ്രൻ.എം.പി., ശ്രീമതി. ദേവകി എന്നിവർക്കെതിരെയുള്ള ജപ്തി നടപടികൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്തവിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72572356.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75550822.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6407939 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഇല്ല.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 ( 1) | 500000 | എൻ.പി ചന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-5( 2) | 2500000 | ,, ,, |
| 3-5 ( 3) | 80000 | ,, ,, |
| 3-6 | 362000 | എൻ.പി ചന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-7 | 1145219 + 500000 | സെക്രട്ടറി, N.P.ചന്ദ്രൻ – 500000/- |
| | | ലളിതമോൾ തോമസ് ശിശു വികസന പദ്ധതി ഓഫീസർ-500000/- |
| | | സെബിൻ.പി.എഫ്, ക്ഷീര വികസന ഓഫീസർ-95219/- |
| | | ഡോ. ഷാലിൻ.പി.ജോസഫ്, സൂപ്രണ്ട്, CHC, എലിഞ്ഞിപ്ര 550000/- |
| 3-8 | 100000 | എൻ.പി.ചന്ദ്രൻ,ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-11 | 8816 | ഡോ. ഷാലിൻ.പി.ജോസഫ്, സൂപ്രണ്ട്, CHC, എലിഞ്ഞിപ്ര 550000/- |
| 3-12 | 179680 | ഡോ. ഷാലിൻ.പി.ജോസഫ് |
| 3-15 | 474965 | ജോജി പോൾ, അസി.എക്സി.എൻജിനീയർ |
| 3-16 | 557259/- | ഷാജു, അസി എൻജിനീയർ |
| ആകെ | 6407939/- | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-9

(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 95-96, 96-97, 97-98, 98-99 | എൽ.എഫ്.എ.ടി.7-375/99 തി.3/11/2000/7/4/01 | |
| 99-2000 | എൽ.എഫ്.എ.ടി.14-211/2000 തി.06/06/2002 | |
| 2000-01 | എൽ.എഫ്.എ.ടി.14-501/2004 തി.28/10/2004/5 /1/2005 | |
| 2001-2002 | എൽ.എഫ്.എ.ടി.14-504/2004 തി.28/10/2004/11 /05/2005 | |
| 2002-2003 | എൽ.എഫ്.എ.ടി.14-454/2006 തി.19/06/2006/03 /01/2007 | |
| 2003-2004 | എൽ.എഫ്.എ.ടി.14-453/2006 തി.20/06/2006/03 /01/2007 | |
| 2004-2005 | എൽ.എഫ്.എ.ടി.14-2152/2007 തി.21/02/2007 | |
| 2005-2006 | എൽ.എഫ്.എ.ടി.21-2367/2007 തി.21/02/2009/5 /5/2009 | |
| 2006-2007 | എൽ.എഫ്.എ.ടി.(ബി.പി.)-882/11 തി.01/12/2011 | |
| 2007-2008 | എൽ.എഫ്.എ.ടി.(ബി.പി.)-883/11 തി.01/12/2011 | |
| 2008-2009 | എൽ.എഫ്.എ.ടി.(ബി.പി.)-884/11 തി.01/12/2011 | |
| 2009-2010 | എൽ.എഫ്.എ.ടി.(ബി.പി.)-885/11 തി.01/12 /2011/31/0312 | |
| 2010-2011 | എൽ.എഫ്.എ.ടി.(ബി.പി.)-2279/12 തി.4/3 /13/15/6/13 | |
| 2011-2012 | എൽ.എഫ്.എ.ടി.(ബി.പി.)-1670/13 തി.02/04 /14/11/7/14 | |
| 2012-2013 | എൽ.എഫ്.എ.ടി.(ബി.പി.)-1710/2014 തി.12/01/2015/6/5/2015 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(ബിപി2)1703/15 തിയ്യതി.01.01.16/03.02.16 | |
| 2014-2015 2015-2016 | കെ.എസ്.എ.ടി.എസ്.ആർ.(ബിപി2)638/17 തിയ്യതി.18.5.2017 | |
| 2016-2017 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.1)1732/2017/തിയ്യതി 4.12.2017/11/1/18 | |

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഓഡിറ്റ്സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br><br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ജോയിന്റ് ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്